**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - കോ-ഓർഡിനേഷൻ സമിതി തീരുമാനം - ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾ ഏറ്റെടുത്ത് നടത്താൻ ജോലിഭാരം നിമിത്തം പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിന് സാധിക്കാതെ വരുന്നതിനാൽ പകരം സംവിധാനം ഏർപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു) വകുപ്പ്

സ.ഉ. (സാധ) നം.3033/2014/തസ്വഭവ. തീയ്യതി, തിരുവനന്തപുരം, 21-11-2014.

പരാമർശം: സംസ്ഥാനതല വികേന്ദ്രീകൃതാസൂത്രണ കോ-ഓർഡിനേഷൻ സമിതി യുടെ 12-11-2014-ലെ 2.8-ാം നമ്പർ തീരുമാനം

## ഉത്തരവ്

ജോലിഭാരം നിമിത്തം ത്രിതല പഞ്ചായത്തുകളിലെ ഇലക്ട്രിഫിക്കേഷൻ ജോലികൾ ഏറ്റെടുത്ത് നടത്താൻ പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിന് സാധിക്കാതെ വരുന്നതിനാൽ പകരം സംവിധാനം ഏർപ്പെടുത്തേണ്ടതാണെന്ന് മേൽ പരാമർശ പ്രകാരം യോഗം തീരുമാനിച്ചു.

2. ഇക്കാര്യത്തിനായി പത്തുലക്ഷം രൂപ വരെ അടങ്കൽ വരുന്ന ഇലക്ട്രിഫിക്കേഷൻ ജോലികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കാനും മേൽനോട്ടം വഹിക്കാനും മെഷർമെന്റ് രേഖപ്പെടുത്താനും തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളിൽ ഇലക്ട്രിക്കൽ എഞ്ചിനീ യറിംഗ് ബിരുദധാരികളുടെയും സർവ്വീസിൽ നിന്നും വിരമിച്ച എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, സബ് എഞ്ചിനീയർമാർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്. ഇത്തരം പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിമാർ ആയിരിക്കും.

3. ജില്ലാതലത്തിൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺ വീനറായി, കെ.എസ്.ഇ.ബി.യിൽനിന്നും പി.ഡബ്ല്യു.ഡി. ഇലക്ട്രിക്കൽ വിംഗിൽ നിന്നും വിരമിച്ച ഇലക്ട്രിക്കൽ ബിരുദമുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ, അസിസ്റ്റന്റ് എഞ്ചിനീയർമാർ, തുടങ്ങിയവരിൽനിന്ന് അഞ്ചംഗ സമിതി രൂപീകരിച്ച് ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇലക്ട്രിക്കൽ ജോലികളുടെ സാങ്കേതി കാനുമതി, ചെക്ക് മെഷർമെന്റ് എന്നിവ മേൽപ്പറഞ്ഞ സമിതിയുടെ അധികാര പരിധിയിലാക്കേണ്ടതാണ്. എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തിയുടെ മേൽ നോട്ടം, മെഷർമെന്റ് എന്നിവ നിർവ്വഹിക്കുന്നതിനും എസ്റ്റിമേറ്റ് തുകയുടെ 1.5 ശതമാനവും (പരമാവധി 10,000/- രൂപ), ചെക്ക് മെഷർമെന്റ് നടത്തുന്ന സമിതിക്ക് ഫീസിനത്തിൽ എസ്റ്റിമേറ്റ്തുകയുടെ അര (0.5) ശതമാനവും (പരമാവധി 3,000/- രൂപ) പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി നൽകാവുന്നതുമാണ് എന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എസ്. വേണുഗോപാലൻ നായർ,
ഗവ. ഡെപ്യൂട്ടി സെക്രട്ടറി.

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ ജില്ലാ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് / ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും. (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
4. എല്ലാ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും (തസ്വഭവ. ചീഫ് എഞ്ചിനീയർ മുഖേന)
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തൃശ്ശൂർ.
6. തദ്ദേശ സ്വയം ഭരണ (ഡി.എ) വകുപ്പ്. (15-11-2014-ലെ 73345/ഡി.എ.3/14/ തസ്വഭവ. നമ്പർ കുറിപ്പ് പ്രകാരം)
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തസ്വഭവ. പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്.
തസ്വഭവ. സെക്രട്ടറിയുടെ പി.എക്ക്.
നഗരകാര്യവകുപ്പ് സെക്രട്ടറിയുടെ പി.എ.ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ